എല്ലാ കക്ഷികളേയും വിളിച്ചു ചേർത്തുകൊണ്ട് കക്ഷിപരിഗണനകൾക്ക് അതീതമായി ഒരു യോഗം വിളിച്ചു കൂട്ടി, കളക്ടറോ അല്ലെങ്കിൽ ഗവൺമെന്റിന്റെ പ്രതിനിധികളായിട്ടുള്ള മന്ത്രിമാരോ പ്രത്യേകം പങ്കെടുത്ത് ഒരു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടികൾകൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. യാതൊരു ദാക്ഷിണ്യവും ഈ രണ്ടു കൂട്ടർക്ക് നേരെയും ഉണ്ടാകാൻ പാടില്ല. ആദ്യം എൽ.ഡി.എഫ്. കാരനാണ് കൊല ചെയ്യപ്പെട്ടത്. കൊല ചെയ്യപ്പെട്ട കേസ്സിൽ പ്രതിയെ മാറ്റിയെന്നു പറയുന്നത് വളരെ മോശമായിട്ടുള്ള സമീപനമാണ്. അവിടെ സ്വാധീനം നിലനിൽക്കുന്നത് രണ്ടാമതു മരിക്കപ്പെട്ട ആൾക്കാണ്. ഈ രണ്ടു കൂട്ടരും ചെയ്യുന്നത് നിരപരാധികളായിട്ടുള്ള ആളുകളെ, ഹിന്ദുവെന്നോ മുസ്ലീമെന്നോ വ്യത്യാസമില്ലാതെ ആക്രമണം നടത്തുക എന്നുള്ളതാണ്. അതുകൊണ്ട് ഇതു രണ്ടിനേയും എതിർക്കുന്ന ജനവിഭാഗങ്ങളെ അണിനിരത്തി, സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾകൂടി ഗവൺമെന്റ് മുൻകൈ എടുത്ത് നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: കൊല്ലപ്പെട്ട അശ്വിനികുമാറിന്റെ ശവസംസ്ക്കാരം ഇന്നു രാവിലെയാണ്. അതുകഴിഞ്ഞാൽ ഉടൻതന്നെ സമാധാന മീറ്റിംഗ് വിളിച്ചു കൂട്ടാൻ, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങുപറഞ്ഞ നിലയ്ക്കുതന്നെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) കുട്ടനാട്ടിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി

ഡോ. കെ. സി. ജോസഫ്: സർ, കുട്ടനാട് മേഖലയാകെ ശുദ്ധജലക്ഷാമം കൊണ്ട് ജനങ്ങൾ വീർപ്പുമുട്ടുകയാണ്. കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകൾക്കും ചങ്ങനാശ്ശേരി, തിരുവല്ല മുനിസിപ്പാലിറ്റികൾക്കും വേണ്ടി ആരംഭിച്ചതാണ് കുട്ടനാട് ശുദ്ധജല വിതരണപദ്ധതി. 1970-കളിൽ ഈ പദ്ധതി പൂർത്തീകരിച്ചു. ഏതാണ്ട് 22 ദശലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്തതിനുശേഷം രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ സ്കീമിൽ 11 എം.എൽ.ഡി. സ്കീം കൂടി നടപ്പാക്കി. ആകെ 33 ദശലക്ഷം ലിറ്റർ വെള്ളം ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും കുട്ടനാട് ഏരിയായിൽ, കുട്ടനാട് താലൂക്കിന്റെ 12 പഞ്ചായത്തുകൾക്കുമായി ഇപ്പോൾ 3 ദശലക്ഷം ലിറ്റർ വെള്ളം പോലും കിട്ടുന്നില്ല. പല സ്ഥലങ്ങളിലും വെള്ളം കിട്ടാതെ പ്രധാന പൈപ്പുകൾ കടന്നു പോകുകയാണ്. സമീപ പ്രദേശങ്ങളിൽ മാത്രമാണ് വെള്ളം കിട്ടുന്നത്. കാവാലം, നിരണം, ചമ്പക്കുളം, പുളിങ്കുന്ന് എന്നീ പഞ്ചായത്തുകളിൽ രണ്ടു ദിവസത്തിലൊരിക്കൽ വീതമാണ് കുറച്ചെങ്കിലും വെള്ളം കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നീലംപേരൂരിൽ വെള്ളം കൊടുക്കുന്നില്ല. കൈനകരിയിൽ വെള്ളമില്ല. ഈ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്നു. വരൾച്ച വന്നതോടുകൂടി കിണറുകളും കുളങ്ങളും വറ്റിയിരിക്കുന്നു. ജലാശയങ്ങൾ മലിനീകരിക്കപ്പെട്ടിരിക്കുന്നു. 15-ാം തീയതി തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ തുറന്നുവിടുകയാണ്. അതിന്റെ ഫലമായി ഉപ്പുവെള്ളംകൂടി ജലാശയങ്ങളിൽ കടന്നുകയറും. അതോടുകൂടി ശുദ്ധജലക്ഷാമം അതിരൂക്ഷമായ സ്ഥിതിയിൽ എത്തുകയാണ്. ജലസ്രോതസ്സുകളുടെ അഭാവം പദ്ധതികളുടെ നടത്തിപ്പിനെ വളരെ ദോഷകരമായി ബാധിക്കുന്ന ഒരു സാഹചര്യത്തിൽ, കുട്ടനാട്ടിലെ ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടിയെന്നുള്ള നിലയിൽ, തണ്ണീർമുക്കം ബണ്ട് തുറക്കുന്നതോടൊപ്പംതന്നെ, വാഹനങ്ങളിൽ പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ സ്കീമിൽ വെള്ളം എത്താത്ത സ്ഥലങ്ങളിൽ, വെള്ളം എത്തിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കണം. ജലാശയം മുഴുവൻ ഉപ്പുവെള്ളമാണ്. അതുപോലെ ടൂറിസ്റ്റുകളുടെ വരവോടുകൂടി ഹൗസ് ബോട്ടുകൾ വന്നതോടുകൂടി ജലാശയങ്ങൾ മുഴുവൻ വിസർജ്ജ്യ വസ്തുക്കൾകൊണ്ട് മലിനീകരിക്കപ്പെടുന്നു. സാധാരണഗതിയിൽ കക്കൂസുകളിൽ ഉള്ളതിനേക്കാൾ കൂടുതൽ E.colli ആണ് വേമ്പനാട്ടുകായലിലുള്ളത്. അതുകൊണ്ടുമാത്രം കുട്ടനാട്ടിലെ ജനങ്ങൾ രോഗബാധിതരായി പോകുന്ന ഒരു സ്ഥിതിയുണ്ടാകുന്നു. വെള്ളം, വെള്ളം സർവ്വത്രം വെള്ളം, കുടിപ്പാൻ തെല്ലുമില്ലല്ലോ എന്നുള്ള നിലയിലാണ് കേരളത്തിലെ ശുദ്ധജലക്ഷാമത്തിന്റെ രൂക്ഷത. പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ സ്കീം ഫലപ്രദമായി നടപ്പാക്കണം. കുട്ടനാടിന്റെ പ്രത്യേകത അനുസരിച്ച് ഭൂഗർഭജലം അവിടെ പ്രയോജനകരമല്ല. ഡോ. കസക്കിന്റെ നേതൃത്വത്തിൽ വലിയ പഠനം നടത്തിയതാണ്. ഭൂഗർഭ ജലത്തിൽ soluble salt-ന്റെ കണ്ടന്റ്, iron content, sulphur content ഇതെല്ലാം ഉപയോഗിക്കാൻ പറ്റുന്നതിനേക്കാൾ വളരെകൂടിയ അളവിൽ ഉള്ളതുകൊണ്ട് ഭൂഗർഭ ജലം പ്രശ്നപരിഹാരമല്ല. അതുകൊണ്ട് പ്രൊട്ടക്ടഡ് വാട്ടർ സ്പ്ലൈ സ്കീം മാത്രമാണ് അതിനുള്ള ഏക പരിഹാര മാർഗ്ഗം. പ്രധാനമന്ത്രിയുടെ ഗ്രാമീണയോജനാപദ്ധതിപ്രകാരം കഴിഞ്ഞ ഗവൺമെന്റ് അവസാന കാലഘട്ടത്തിൽ നാലു കോടി രൂപ ചെലവിൽ പി.എം.ജി.വൈ. സ്കീമിൽ ഒരു പദ്ധതി നടപ്പാക്കി. നീരേറ്റുപുരത്ത് 18 ദശലക്ഷം ലിറ്റർ വെള്ളം ലഭിക്കുന്നതിനുവേണ്ടി ഒരു Treatment plant സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുവേണ്ടി, കുട്ടനാട്ടിൽ ഒൻപതു പഞ്ചായത്തുകളും രണ്ടു ബ്ളോക്കു പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുംകൂടി ഏഴര ലക്ഷം രൂപ വാട്ടർ സപ്ലൈ എക്സിക്യൂട്ടീവ് എൻജിനീയറെ ഏൽപ്പിച്ചിട്ടുണ്ട്. സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലേക്ക് എത്തിയിരിക്കുന്നു. Treatment plant എത്രയും വേഗത്തിൽ ഉണ്ടാക്കുക എന്നുള്ളതാണ് ഒരു പോംവഴി. ഇപ്പോൾ ഇട്ടിരിക്കുന്ന ട്രാൻസ്മിഷൻ ലൈനുകളും, പ്രധാന ഡിസ്ട്രിബ്യൂഷൻ ലൈനുകളും 1970-കളിൽ ഇട്ടതാണ്. അതിനുശേഷം കുട്ടനാടിൽ കുറെ മാറ്റങ്ങൾ വന്നു. അതുകൊണ്ടുതന്നെ ഇപ്പോൾ ഇട്ടിരിക്കുന്ന ലൈനുകൾ ഉപയോഗക്ഷമമല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയിൽ ട്രാൻസ്മിഷൻ ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും പുനഃക്രമീകരിച്ച് ഇടുന്നതിനും ഉപയോഗക്ഷമമായവ എടുത്ത് ഉപയോഗിക്കുന്നതിനും അല്ലാത്തിടത്ത് പുതിയത് ഇടുന്നതിനും ആവശ്യമായ പദ്ധതികൂടി നടപ്പിലാക്കിയാലേ പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ സ്കീം ഫലപ്രദമായി നടപ്പാക്കാൻ കഴിയൂ. അതിനാവശ്യമായ ഒരു പദ്ധതികൂടി ഉണ്ടാക്കണം. ഇപ്പോൾ പമ്പ് ചെയ്യുന്ന സന്ദർഭത്തിൽ മാത്രമാണ് വെള്ളം കൊടുക്കുന്നത്. അതുകൊണ്ട് Overhead ടാങ്കുകളും മറ്റും നിർമ്മിച്ച് എഫക്ടീവായി വാട്ടർ സപ്ലൈ നടത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയും ഉണ്ടാക്കണം. ഇപ്പോൾ കുട്ടനാടിനുവേണ്ടി ഉണ്ടാക്കിയ പദ്ധതിയിൽ, 33 ദശലക്ഷം ലിറ്റർ വെള്ളം തിരുവല്ല, ചങ്ങനാശ്ശേരി, കുട്ടനാട് താലൂക്കുകളിലെ ജനങ്ങൾ ഉപയോഗിക്കുന്നു. അതിന്റെ മൂന്നിലൊന്നായ 11 ദശലക്ഷം ലിറ്റർ വെള്ളമെങ്കിലും കുട്ടനാട്ടിൽ എത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വിവിധ സ്കീമുകളിലൂടെ, പൈപ്പുലൈൻ എക്സ്റ്റൻഷനൊക്കെ ഉണ്ടാകുമ്പോൾ, കൂടുതൽ കൂടുതൽ വെള്ളം ഡൈവർട്ട് ചെയ്യാനാകും. കുട്ടനാട്ടിലേക്ക് വിടുന്ന വെള്ളത്തിന്റെ അളവ് ഇപ്പോൾ വളരെ പരിമിതമായിരിക്കുന്ന ഒരു സാഹചര്യത്തിൽ, കുട്ടനാട്ടിലേക്ക് അർഹമായ കാണ്ടിറ്റി വെള്ളം എത്തണം. ഉപ്പുവെള്ളം വരുന്നതോടുകൂടി ഉണ്ടാകുന്ന പ്രശ്നങ്ങളെ നേരിടാൻ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തി, കുട്ടനാട്ടിലെ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കണമെന്നാണ് എനിക്കു വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

10.00 A.M.]

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: കുട്ടനാട് ശുദ്ധജലവിതരണ പദ്ധതിയിൽ അപ്പർ കുട്ടനാട്ടിൽ കടപ്ര, നിരണം, നെടുമ്പ്രം, പെരിങ്ങര, വെളിയനാട് എന്നീ പഞ്ചായത്തുകളിലേക്കും ലോവർ കുട്ടനാട്ടിൽ തലവടി, എടത്വ, മുട്ടാർ, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന് എന്നീ പഞ്ചായത്തുകളിലേക്കും ജലവിതരണം നടത്തിവരുന്നു. മണിമലയാറ്റിൽ നിന്നുമുള്ള ജലം പമ്പ് ചെയ്ത് തിരുവല്ലയിൽ സ്ഥാപിച്ചിട്ടുള്ള ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് പദ്ധതി പ്രദേശമായ ലോവർ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും വിതരണം ചെയ്യുന്നു. പദ്ധതിയുടെ ആരംഭകാലം മുതൽ തന്നെ അപ്പർ കുട്ടനാട്ടിനേക്കാൾ ശുദ്ധജലദൗർലഭ്യം ലോവർ കുട്ടനാട്ടിൽ അനുഭവപ്പെടുന്നു. വേനൽക്കാലത്ത് പ്രസ്തുത പ്രദേശത്ത് ശുദ്ധജലവിതരണ നിലവാരം വളരെ താഴ്ന്നു പോകാറുണ്ട്. അതിനാൽ ഭാഗികമായി മാത്രമാണ് ജലവിതരണം നടത്താൻ സാധിക്കുന്നത്. ഇതിനുള്ള ശാശ്വത പരിഹാരമായി നീരേറ്റുപുറത്ത് കേന്ദ്ര ഗവൺമെന്റിന്റെ കാളിറ്റി അഫക്ടഡ് പദ്ധതിയിൽപ്പെടുത്തി 18 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയ്ക്ക് 2004-2005-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രാരംഭ നടപടികളായി. ഇതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വകയായി ഏഴരലക്ഷം രൂപ നേരത്തെ പറഞ്ഞതുപോലെ സംഭരിച്ചിട്ടുണ്ട്. റവന്യൂവകുപ്പ്

ആ സ്ഥലം ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് ചില തടസ്സങ്ങളുണ്ടായിട്ടുണ്ട്. അത് പരിഹരിച്ച് സ്ഥലം ഉടൻ കൈമാറുമെന്നാണ് പ്രതീക്ഷ. കുട്ടനാട് ജലവിതരണ പദ്ധതിയുടെ പ്രധാനപ്പെട്ട വിതരണക്കുഴലുകൾ 35 വർഷത്തോളം പഴക്കമുള്ളതാണ്. അതുകൊണ്ട് നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാലപ്പഴക്കംകൊണ്ടുണ്ടായ പോരായ്മ ധാരാളം അവിടെയുണ്ടെന്നുള്ളത് ഡിപ്പാർട്ടുമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടെക്നോളജി മിഷനിൽപ്പെടുത്തി പള്ളിക്കൂട്ടുമായിൽ 7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ടാങ്കിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. എൻ.സി.പി.സി.-യിൽപ്പെടുത്തി രാമങ്കരിയിലും മുട്ടാറിലും രണ്ടര ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ടാങ്കിന്റെ പണികളും തലവടിയിൽ 4.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ടാങ്കിന്റെ പണികളും അവാർഡു ചെയ്തുകഴിഞ്ഞു. ഇതിൽ തലവടിയിലെ ടാങ്കിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഉടൻതന്നെ മറ്റു രണ്ട് ടാങ്കുകളുടേയും പണികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഡോ. കെ. സി. ജോസഫ്: 11 ദശലക്ഷം ലിറ്റർ വെള്ളം കുട്ടനാട്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ടിയുള്ള നടപടികളും ഉപ്പുവെള്ളം കടന്നുവരുന്ന സമയത്ത് വാഹനങ്ങളിൽ വെള്ളമെത്തിക്കുന്നതിനുള്ള നടപടികളും ആവിഷ്ക്കരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ നേരത്തെ പറഞ്ഞതുപോലെ തിരുവല്ല വാട്ടർ സപ്ലൈ സ്കീമിനകത്ത് മൂന്ന് പ്രധാനപ്പെട്ട പ്രദേശങ്ങൾക്കുതന്നെയാണ് വെള്ളം വിതരണം ചെയ്യുന്നത്. അത് ബഹുമാനപ്പെട്ട അംഗത്തിന് നന്നായി അറിയാം. അതിന്റെ മൂന്നിലൊന്ന് എന്നുള്ള നിലയിലേക്കാണ് കുട്ടനാട് പ്രദേശത്തേക്ക് അവർ ഉദ്ദേശിക്കുന്നത്. വാട്ടർ ഷെയറിംഗിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ വളരെക്കാലമായി നിലനിൽക്കുന്നുണ്ടെന്ന് അങ്ങേക്ക് അറിയാമല്ലോ? മൊത്തത്തിൽ ലഭിക്കുന്ന വെള്ളത്തിന്റെ മൂന്നിലൊന്നാണ് കുട്ടനാട്ടിന് ലഭിക്കാൻ അർഹതയുള്ളത്. അത് എന്താണെന്ന് പരിശോധിച്ച് ന്യായമായിട്ടെടുക്കാവുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ അവിടെ ഓരുവെള്ളം കയറുന്നതിന്റെ പോരായ്മയെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതിനുള്ള ഒരു ബദൽ ക്രമീകരണം സാമ്പത്തികലഭ്യതയനുസരിച്ച് ചെയ്യുന്നതാണ്.

(2) താമരശ്ശേരിയിൽ മുൻസിഫ് കോടതി

ശ്രീ. സി. മോയിൻകുട്ടി : സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിലെ താമരശ്ശേരി പട്ടണത്തിൽ ഒരു മുൻസിഫ് കോടതി ആരംഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര പ്രാധാന്യത്തെക്കുറിച്ചാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. കോഴിക്കോട് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയാണ് എന്റേത്. 75 കിലോമീറ്ററിലധികം സഞ്ചരിച്ചിട്ടുവേണം സിവിൽ വ്യവഹാരങ്ങൾക്ക് കോഴിക്കോട് എത്താൻ.

LIBRARY ARCHIVES Kerala Legislative Assembly